(c) The question of reorganisation of the Board of Examiners is under consideration only.

Mr. C. V. Iyyu *(Kunnamkulam)*: May I know whether the allegations contained in the article and in the editorial which I have raised under different heads are true?

Rao Sahib I. N. Menon *(Director of Public Instruction)*: Some of the allegations are not true. Others are partially true.

Mr. C. V. Iyyu *(Kunnamkulam)*: Will the Hon'ble Member for Education point out which all allegations are true?

Rao Sahib I. N. Menon *(Director of Public Instruction)*: The whole question is under consideration. Being a body transacting confidential business and since the members of the board are known, any reply which I make is likely to be an aspersion on the individual members. So, all that I wish to say is this. On the point whether the Headmasters and Headmistresses of High Schools are found to be less "stiff", it is absolutely baseless. Whether members for the Board of Examiners " appoint themselves as chief examiners ", this is a half-truth, because sometimes they are appointed, they do not appoint themselves. The Board appoints one of them. It is not my suggestion myself as a member. The Board suggests one member as chief examiner. The Explanation I should like to submit is these members themselves are selected by seasoned educationists and it is not that there is membership that they are selected. In a number of other cases, they are not appointed. I have been a member of Board and its Chairman. I did not appoint myself and I did not allow some of the members also to be appointed as examiners. Whether "Members of the Board, get two or three examinerships", that is partially true. Without casting any aspersions, there are subjects like French, Hebrew Latin, etc. There are two papers in French. Now probably the person who is dealing in French is the only person who can deal with Latin. The difficulty is, the scope being limited in such cases the Board is compelled to nominate one person to handle different subjects. There is an implication and that I would like to avoid. That is one person's colossal remuneration having been appointed as the examiner in three or four subjects is very small. There are probably two candidates and probably the remuneration is 5 annas 4 pies for the valuation of each paper. Whether "the Secretary gets the lion's share of it", that also is false. There are certain other allegations like papers leaking out and so on. Well, that is not absolutely true. On enquiry, I found that human nature being what it is the examinees take to this trouble to find out as to who are the examiners, and some examiners are complaning that their houses are being besieged by examinees probably a day or two before the publication of the results. This has been enquired into and steps have been taken in the matter. Generally, the position raised in the article and adverted to again in this question is to reconstitute the Board on a more satisfactoay basis. This is under the consideration of the Government, and it is hoped that before the next examination comes, the Board would have been re-constituted on a better basis and with more effective rules with regard to the discharge of its confidential duties.

SANSKRIT SCHOOLS IN COCHIN STATE—PARTICULARS OF

54. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു് ദയവു മറുപടി പറയുമോ.—

(എ) സർക്കാർ വകയും മാനേജർമാരുടേയും ആയി കൊച്ചിയിൽ ഒട്ടാകെ എത്ര സംസ്കൃതവിദ്യാലയങ്ങൾ ഉണ്ടു്; ഏതെല്ലാം;

(ബി) സ്വകാര്യവിദ്യാലയങ്ങൾ മുഴുവൻ സഹായധനം പറ്റുന്നവയാണൊ;

(സി) ഒരേ പാഠപദ്ധതിതന്നെയോ എല്ലാ വിദ്യാലയങ്ങളിലും സ്വീകരിച്ചിട്ടുള്ളതു്;

(ഡി) ആരാണു് ഈ വിദ്യാലയങ്ങളിലെ പരിശോധനാധികാരി?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: (എ) ൧൨. (൧) കെ. വി. എസ്സു്. എസ്സു്. ശ്രീമൂലനഗരം, (൨) എസ്സു്. എസ്സു്., തോട്ടര, (൩) എസ്സു്. എൻ. വി. എസ്സു്., എരൂർ, (൪), വി. എസ്സു് പാഠശാല, ചിറ്റൂർ, (൫) എൻ. എൻ. എസ്സു്., നെമ്മാറ, (൬) രാജഷ്ടി എസ്സു്. എസ്സു്., ഇരിഞ്ഞാലക്കുട, (൭) എസ്സു്. എസ്സു്., പെരുമനം, (൮) എസ്സു്. എസ്സു്., പെരിങ്ങോട്ടുകര, (൯) എസ്സു്. എസ്സു്., കണിമംഗലം, (൧൦) എസ്സു്. എസ്സു്., ഇരിങ്ങാലക്കുട, (൧൧) വേദശാസ്ത്രപാഠശാല, പുഷ്പഗിരി, (൧൨) എസ്സു്. എസ്സു്., ചോറ്റാനിക്കര (സർക്കാർ) ഇവയിടെ വേലൂക്കു് സ്ഥലം മാറ്റിയിട്ടുണ്ടു്.

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) വേദശാസ്ത്രപാഠശാലകളിലൊഴിച്ചു് മറ്റുള്ളവയിലെല്ലാം ഒരേ പാഠപദ്ധതി തന്നെയാണു്.

(ഡി) വിദ്യാഭ്യാസഡയറക്ടർ

റാവുസാഹിബു് ഐ. എൻ. മേനോൻ: അവസാനമായിപറഞ്ഞിട്ടുള്ള ഉത്തരത്തിൽ അല്പം ഭേദഗതിചെയ്യുവാനുണ്ടു്. അതിനു് അനുവാദം കിട്ടണമെന്നു് പ്രസിഡണ്ടിനോട പേക്ഷിക്കുന്നു.

പ്രത്യേകിച്ചു് ഒരാൾ ഇല്ലാതിരുന്നതുകൊണ്ടു് കുറെക്കാലം ഞാനായിരുന്നു പരിശോധിച്ചിരുന്നതു്. ഞാൻ പറയത്തക്കവിധത്തിലുള്ള ഒരഭിജ്ഞനല്ലെങ്കിലും എന്നാൽ കഴിവുള്ളിടത്തോളം ആ ജോലി നിർവ്വഹിച്ചിട്ടുണ്ടു്. ഇപ്പോൾ സംസ്കൃത വിദ്യാലയങ്ങൾ പരിശോധിക്കുവാൻവേണ്ടി ഒരു സ്പെഷ്യൽ ഡെപ്യൂട്ടി ഇൻസ്പെക്ടരെ വെച്ചിട്ടുണ്ടു്.

മിസ്റ്റർ സി. കെ. നായർ: ഇപ്പോൾ ഏതു സംസ്കൃത സ്കൂളുകൾക്കു് ഗവൺമെണ്ടിൽ നിന്നു ഗ്രാൻറ് കൊടുക്കുന്നുണ്ടു്?

റാവുസാഹിബു് ഐ. എൻ. മേനോൻ: ഇതിൽ പറഞ്ഞിട്ടുള്ള രണ്ടോ മൂന്നോ എണ്ണമൊഴിച്ചു് ബാക്കിയുള്ളതിനെല്ലാം കൊടുക്കുന്നുണ്ടു്. ഗ്രാൻറു് കൊടുക്കുന്നില്ലാത്തതു ഏതെല്ലാമാണെന്നു പറയാം. (എ) രാജശ്രീ എസ്സു്. എസ്സു്. തൃശ്ശിവപേരൂർ, (ബി) എസ്സു്. എസ്സു്. പെരിങ്ങോട്ടുകര. ഇവ രണ്ടും മാത്രമേ ഉള്ളുവെന്നാണു് എന്റെ ഓർമ്മ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: എന്താണു് അവയ്ക്കു ഗ്രാൻറ് കൊടുക്കാതിരിക്കുവാൻ കാരണം?

റാവുസാഹിബു് ഐ. എൻ. മേനോൻ: സാധാരണയായിട്ടു് ഗ്രാൻറ് കൊടുക്കുന്നതു ബാക്കിയുള്ള നിയമങ്ങൾ പോലെയല്ല. കുട്ടികളുടെ സംഖ്യയേയൊ അദ്ധ്യാപകന്മാരുടെ കൂടുതൽ കുറവിനേയൊ ഒന്നും അടിസ്ഥാനപ്പെടുത്തിയല്ല ഗ്രാൻറു് കൊടുക്കുന്നതു്. മൊത്തത്തിൽ പറയുകയാണെങ്കിൽ ഓരോന്നിനും കൊടുത്തുവരുന്ന ഗ്രാൻറതന്നെ പലവിധത്തിലാണു്. ഇപ്പോൾ കെ. വി. എസ്സു്. എസ്സു്., ശ്രീമൂലനഗരം ഇതിനു് ൬൦ ക.യാണു് ഗ്രാൻറ് കൊടുത്തുവരുന്നതു്. വേറെ ചിലതിനു ൩൦ ക.യേ ഗ്രാൻറ് കൊടുത്തുവരുന്നുള്ളു. ഈ അടുത്തകാലത്തായിട്ടു് തുടങ്ങിയിട്ടുള്ള ചില സംസ്കൃത സ്കൂളുകൾക്കു് ഗ്രാൻറ് കൊടുക്കുന്നില്ല.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: ഗ്രാൻറു കൊടുക്കാത്ത ഏതു സംസ്കൃത സ്കൂളുകൾ ഉണ്ടു് ഏതൊക്കെ?

റാവുസാഹിബു് ഐ. എൻ. മേനോൻ: മൂന്നെണ്ണമുണ്ടാകും.

മിസ്റ്റർ സി. കെ. നായർ: കുട്ടികളിൽനിന്നും ശമ്പളം വാങ്ങിക്കുന്നില്ലാത്ത മലയാളം സ്കൂളുകൾ പോലെയല്ലേ ഈ സ്കൂളുകൾ?

റാവുസാഹിബു് ഐ. എൻ. മേനോൻ: സാധാരണയായി ആരെങ്കിലും സ്വന്തം നിലയിൽ ഒരു സംസ്കൃത സ്കൂൾ തുടങ്ങിയാൽ പിന്നെ അതിന്റെ ഭാവിയിലുള്ള നിയന്ത്രണങ്ങളെപ്പറ്റി അന്വേഷിച്ചു ഗ്രാൻറു കൊടുക്കണമെന്നു വെച്ചിട്ടുണ്ടു്. എവിടെയെങ്കിലും ഒരു സ്കൂൾ തുടങ്ങിയാൽ അതിനു് തിയ്യതി നോക്കിയൊ സമയം നോക്കിയൊ ഗ്രാൻറ് കൊടുക്കാമെന്നു പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ സി. കെ. നായർ: ഈ അടുത്തകാലത്തു നിറുത്തിപ്പോയ സ്കൂളുകൾ ഏതെങ്കിലും ഉണ്ടോ?

റാവുസാഹിബു് ഐ. എൻ. മേനോൻ: കണിമംഗലത്തു നിറുത്തിപ്പോയതായി അറിയാം.

മിസ്റ്റർ സി. കെ. നായർ: അതു സഹായധനം കിട്ടാത്തതുകൊണ്ടാണെന്നു ഗവൺമെണ്ടിനു മനസ്സിലായിട്ടുണ്ടോ?

റാവുസാഹിബു് ഐ. എൻ. മേനോൻ: അതിന്റെ മാനേജർ പറഞ്ഞിട്ടുള്ളതു് അങ്ങിനെയാണു്.

മിസ്റ്റർ സി. കെ. നായർ: ഇങ്ങിനെ ഓരോന്നായി നിറുത്തേണ്ടിവരികയാണെങ്കിൽ കൊച്ചിയിൽ സംസ്കൃത വിദ്യാഭ്യാസത്തിന്റെ പ്രചാരം കുറയുകയില്ലേ?

റാവുസാഹിബു് ഐ. എൻ. മേനോൻ: സംസ്കൃതസ്കൂളുകൾമാത്രമല്ല, ഇതുപോലെ സഹായധനം കൊടുക്കാതെ പല സ്ഥാപനങ്ങളും നിന്നുപോകാറുണ്ടു്. ഇതു പറയുമ്പോൾ അവക്കു

LIBRARY ARCHIVES Kerala Legislative Assembly

സഹായധനം കൊടുക്കേണ്ട എന്നു ഗവമ്മേണ്ടിന്നുദ്ദേശമുള്ളതായി തെറ്റിധരിച്ചുപോകരുതു്. ഈ സ്കൂളുകളെല്ലാം തുടങ്ങീട്ടുള്ളതു് സൌകര്യപ്പെടുമ്പോൾ സഹായധനം കിട്ടിയാൽ മതി, തുടങ്ങുവാൻ അനുവദിച്ചാൽമാത്രംമതി എന്നു് പറഞ്ഞിട്ടാണു്. അങ്ങിനെ പറഞ്ഞിട്ടുള്ള കൂട്ടത്തിലൊന്നാണു് ഇപ്പോൾ വീണുപോയിട്ടുള്ളതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സംസ്കൃത വിദ്യാലയങ്ങളെ സഹായിക്കണമെന്നുള്ള തത്വം ഗവമ്മേണ്ടു് അംഗീകരിച്ചിട്ടുണ്ടോ?

റാവുസാഹിബു് ഐ. എൻ. മേനോൻ: അംഗീകരിച്ചിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ് പണിക്കർ: അവർ അതിലേക്കു വേണ്ടത്തക്ക സ്കീം തയ്യാറാക്കി ഗവമ്മേണ്ടിലേക്കു സമർപ്പിച്ചിട്ടുണ്ടോ?

റാവുസാഹിബു് ഐ. എൻ. മേനോൻ: ഉണ്ടു്, അതു ഗവമ്മേണ്ടു പരിശോധിച്ചുവരികയാണു്. എന്നാൽ അതു ഉടനടി നടപ്പിലാക്കുവാൻ വളരെ പണച്ചിലവുണ്ടു്. ഇതിൽ മലയാളം സ്കൂളുകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനെപ്പറ്റി ആലോചിച്ചാൽ മതി. അതുകൊണ്ടു് പ്രത്യേകിച്ചു് ഇന്നത്തെ കാലസ്ഥിതിക്കു് സ്കൂൾ തുടങ്ങിയ ഉടനെ സഹായധനം കൊടുക്കുമെന്നുള്ള ഗവമ്മേണ്ടിന്റെ പോളിസി എടുത്താൽ വളരെ അപകടമാകും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ന. സ്കൂളുകളല്ലേ ഉള്ളു.

റാവുസാഹിബു് ഐ. എൻ. മേനോൻ: ഗവമ്മേണ്ടിൽനിന്നു സഹായധനം കൊടുക്കാൻ മനസ്സില്ലെന്നു് പറയുന്നതായി ആരും തെറ്റിധരിക്കരുതു്. ഇന്നത്തെ നിലയിൽ തുടങ്ങുന്ന സ്കൂളുകൾക്കെല്ലാം അപ്പോൾതന്നെ ഗ്രാൻറു കൊടുക്കുവാൻ സാദ്ധ്യമല്ല. ഈ സ്കൂളുകൾ തുടങ്ങിയ കാലത്തു അവക്കെല്ലാം സഹായധനം കൊടുക്കണമെന്നതന്നെയാണു വിചാരിച്ചിരുന്നതു്.

മിസ്റ്റർ സി. കെ. നായർ: സ്കൂളുകൾ തുടങ്ങിയതു കൊണ്ടു് സഹായധനം വേണമെന്നു് അവകാശപ്പെടുന്നതായി വരുന്നുണ്ടോ? ഒരാൾ ഒരു സ്കൂൾ തുടങ്ങിപ്പോയി, അതു് ഒരുവിധം നടത്തിക്കൊണ്ടുപോയാൽ കൊള്ളാമെന്നു് അയാൾക്കു് ആഗ്രഹമുണ്ടു്, പക്ഷെ അയാളെക്കൊണ്ടു് നടത്തുവാൻ വിഷമവുമാണു്, അനുകൂലമായ ഒരു ഗവമ്മേണ്ടാണുള്ളതെന്നും അയാൾക്കു ബോദ്ധ്യമുണ്ടു്. അങ്ങിനെയുള്ളവക്കു് ഇപ്പോഴെങ്കിലും ഉള്ളവകൂടി വീഴാതെ നടത്തിക്കൊണ്ടുപോകുവാൻ സഹായിച്ചുകൂടേ?

റാവുസാഹിബു് ഐ. എൻ. മേനോൻ: ആലോചിക്കാം.

MALAYALAM TEXT BOOKS—SCRUTINY OF

55. മിസ്റ്റർ സി. കെ. നായർ: താഴെ ചേർക്കുന്ന ചോദ്യങ്ങൾക്കു ഗവമ്മേണ്ടു് സദയം മറുപടി പറയുമോ.—

(എ) പാഠപുസ്തകസമിതിക്കു കിട്ടുന്ന മലയാള ഭാഷയിലുള്ള പുസ്തകങ്ങൾ മുഴുവനും സമിതിയിലെ മലയാളവിഭാഗത്തിൽപ്പെട്ട അംഗങ്ങൾ തന്നെയൊ പരിശോധിക്കാറു്;

(ബി) ആരെല്ലാമാണു് ഈ വിഭാഗത്തിൽ ഇപ്പോഴുള്ളതു്?

റാവുസാഹിബു് ഐ. എൻ. മേനോൻ: (എ) അല്ല, ചരിത്രം, ഭൂമിശാസ്ത്രം എന്നീവിഷയങ്ങളും സയൻസു്, കണക്കു് എന്നിവയും മലയാളത്തിലാണെങ്കിലും അവക്കു് പ്രത്യേകം ഉള്ള ഉപസമിതികൾതന്നെയാണു് ആ വിഷയങ്ങളിലെ പുസ്തകങ്ങളെ പരിശോധിക്കുന്നതു്.

(ബി) Names of the members of the Vernacular Sub-Committee.

1. M. R. Ry. K. Karunakaran Nayar Avl., M.A., Offg. Principal, Maharaja's College, Ernakulam, (President).
2. M. R. Ry. T. K. Krishna Menon, B.A., Kumaralayam, Ernakulam.
3. H. H. Kerala Varma, B.A., 3rd Prince of Cochin, Ernakulam.
4. M. R. Ry. K. Rama Pisharoti Avl., M.A. (Hons.), Additional Professor, Maharaja's College, Ernakulam.
5. M. R. Ry. A. B. Muhammed Avl., Ernakulam.
6. M. R. Ry. Joseph V. Manjuran Avl., M.A., L.T., Headmaster, St. Albert's High School, Ernakulam.
7. M. R. Ry. K. Ayyappan Avl., B.A., (M.L.C.), Ernakulam.
8. M. R. Ry. A. Krishna Warrier Avl., B.A., L.T., Retired Headmaster, High School, Trichur.

LIBRARY ARCHIVES Kerala Legislative Assembly